ധനസഹായം ലഭിച്ചിട്ടില്ലായെന്നുള്ള ചില പരാതികളും പരിശോധിച്ചതിൽ അവർ അതിന് അർഹതയുള്ളവരല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കണ്ണൂർ തിരുവേപ്പതി കോട്ടൺസിലെ തൊഴിലാളികൾക്കും ഇതേപ്രകാരം അർഹരാണെങ്കിൽ ഈ വർഷവും എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം നൽകുന്നതാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രതിവർഷ ചെലവ്

69 [2206] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളും ഓരോന്നിന്റെയും പ്രതിവർഷ ഭരണ ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിവർഷം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഭരണചെലവ് കുറയ്ക്കുന്നതിനായി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും ഭരണചെലവ് കുറയ്ക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഭരണചെലവ് നിശ്ചിത ശതമാനത്തിൽ അധികമാകരുതെന്ന് എല്ലാ ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്: ബോർഡുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകാര വേളയിലും ചെലവിനങ്ങൾക്ക് സർക്കാർ അംഗീകാരം തേടുമ്പോഴും ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചു വരുന്നുണ്ട്.

(ഡി) ഭരണചെലവു കുറയ്ക്കുന്ന കാര്യത്തിൽ ആവശ്യമായ ഘട്ടങ്ങളിൽ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വി. ആർ. എസ്. നൽകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

70 [2207] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചിറ്റൂർ ഷുഗർ മില്ലിൽ വി. ആർ. എസ്. നടപ്പാക്കിയിട്ടുണ്ടോ;

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വി. ആർ. എസ്. നൽകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലുള്ള പാക്കേജ് എന്താണ്;

(സി) വി. ആർ. എസ്. നൽകുന്നതിനുള്ള തുക ഫാക്ടറിയുടെ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും നൽകാൻ ഷുഗർമിൽ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയാണ് നൽകാൻ തീരുമാനിച്ചത്;

(ഡി) ഗ്രാറ്റുവിറ്റി ഫണ്ട് സ്വാഭാവിക വിരമിക്കൽ, മരണം, രാജി വയ്ക്കൽ എന്നിവയ്ക്ക് നൽകാൻ മാത്രമേ വിനിയോഗിക്കാവൂ എന്നുള്ള വ്യവസ്ഥ നിലനിൽക്കെ ചിറ്റൂർ ഷുഗർമില്ലിന്റെ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും തുക എടുക്കുവാനുള്ള തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർത്തിയാക്കിയ വർഷങ്ങളിൽ 45 ദിവസത്തെ ശമ്പളം എന്ന നിരക്കിൽ എക്സ്ഗ്രേഷ്യാ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക തുക, നോട്ടീസ് പേ എന്നിവയാണ് നിലവിലുള്ള പാക്കേജ്.

(സി) വി. ആർ. എസ്. പദ്ധതിപ്രകാരം വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങളോടൊപ്പം 31-12-2004 വരെ സൂപ്പർ ആനുവേഷനെ തുടർന്ന് വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നീ ആനുകൂല്യങ്ങളും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി രണ്ടുവിഭാഗത്തിലും പെട്ടവർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റിയുടെ 55.25% തുകയാണ് സർക്കാർ അനുവദിച്ചത്. 2 വിഭാഗത്തിലും പെട്ടവർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റിയുടെ 80% തുക നൽകുന്നതിന് 24.75% തുക കൂടി ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും എടുക്കുന്നതിനാണ് ഭരണ സമിതി തീരുമാനിച്ചത്. വി. ആർ. എസ്. പദ്ധതി പ്രകാരം വിരമിച്ചവർക്ക് വേണ്ടി വരുന്ന 66.65 ലക്ഷം രൂപയും സൂപ്പർ ആനുവേഷനെത്തുടർന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന 20.51 ലക്ഷം രൂപയും ചേർത്ത് 87.16 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും പിൻവലിച്ച് ടി ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ വിതരണം ചെയ്യാൻ ഭരണ സമിതി തീരുമാനിച്ചു.

(ഡി) ഗ്രാറ്റുവിറ്റി ഫണ്ട് സ്വാഭാവിക വിരമിക്കൽ, മരണം, രാജി വയ്ക്കൽ എന്നിവയ്ക്കു മാത്രമേ നൽകാവൂ എന്ന് പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിൽ നിഷ്കർഷിച്ചിട്ടില്ല. സ്വാഭാവികമല്ലാതെ വിരമിക്കുന്നവർക്കും പ്രസ്തുത ആക്ട് പ്രകാരം ഗ്രാറ്റുവിറ്റിക്ക് അർഹതയുള്ളതാണ്. പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം അർഹതപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഗ്രാറ്റുവിറ്റി ഫണ്ടാണ് ചിറ്റൂർ ഷുഗർ മില്ലിൽ നിലവിലുള്ളത്. ആ ഫണ്ടാണ് വി. ആർ. എസ്. വാങ്ങിയ തൊഴിലാളികൾക്കും നല്കിയിട്ടുള്ളത്.

ക്ഷേമനിധി നടപ്പിലാക്കിയിട്ടില്ലാത്ത തൊഴിലാളികൾക്ക്
ക്ഷേമ പദ്ധതികൾ

71 [2208] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly